**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 360** **23-01-2025 - ൽ മറുപടിയ്ക്ക്**

**മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഒഴിച്ചുള്ള മറ്റ് തദ്ദേശ സ്വയംഭരണ ഓഫീസുകളിൽ നിന്നും വിരമിക്കുന്ന മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാർക്ക് PEN അനുവദിച്ചാൽ പ്രിസം സംവിധാനം മുഖേന കാലതാമസമില്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയുമോയെന്നത് പരിശോധിക്കുമോ; 2024 മെയ് മാസത്തിൽ പെൻഷൻ ആയ എത്ര ജീവനക്കാർക്ക് ഇനി പെൻഷൻ ലഭിക്കാനുണ്ട്; പെൻഷൻ ലഭിക്കാനുള്ളവരുടെ വിശദാംശം ലഭ്യമാക്കുമോ; ഇവർക്ക് എപ്പോൾ പെൻഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാർക്ക് നിലവിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നത് അർബൻ ഡയറക്ടറുടെ പേരിലുള്ള സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നാണ്. തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് ഏകീകൃത SPARK ID അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. തദ്ദേശസ്വയംഭരണ വകുപ്പ് ഏകോപനത്തിലൂടെ ബ്ലോക്ക് പഞ്ചായത്തുകൾ, പഞ്ചായത്തുകൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ച മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പെൻഷൻ നടപടികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വ്യക്തമായ നിർദ്ദേശം പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പേപ്പറുകൾ തയ്യാറാക്കി അയച്ചു തുടങ്ങിയിട്ടുണ്ട്. 2024 മെയ് മാസം സേവനത്തിൽ നിന്നും വിരമിച്ച മുനിസിപ്പൽ കോമൺ സർവ്വീസ് വിഭാഗത്തിൽ ഉൾപ്പെടുന്ന 31 ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിന്നും തീർപ്പ കൽപ്പിക്കാനുണ്ട്. ടി അപേക്ഷകരുടെ പേരു വിവരം ചുവടെ ചേർക്കുന്നു. രേഖകൾ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവർക്ക് ആയത് അനുവദിക്കുന്നതാണ്.<br><br>1. രാധാ കെ.റ്റി, മഞ്ചേരി<br><br>2. ബേബി ഗിരിജ, ചാലക്കുടി<br><br>3. ശിവകുമാരി, പാലക്കാട്<br><br>4. സുജ പി.ആർ, കോതമംഗലം |

5. ജയശ്രീ വി.എസ്, തൃശ്ശൂർ കോർപ്പറേഷൻ

6. മധുസൂദനൻ, തൃശ്ശൂർ കോർപ്പറേഷൻ

7. അജിത്കുമാർ, വർക്കല

8. ക്രിസ്റ്റീന, വർക്കല

9. അയ്യപ്പൻ, മലപ്പുറം

10. രമേശ് ബാബു, മട്ടന്നൂർ

11. സിന്ധു ശിവദാസ്, തൃപ്പൂണിത്തുറ

12. രാജശ്രീ, തൃപ്പൂണിത്തുറ

13. ചന്ദ്രൻ പി, ചാവക്കാട്

14. അജിത കെ.പി, തലശ്ശേരി

15. ബഷീർ സി.ജെ, നിലമ്പൂർ

16. ഉഷാകുമാരി, കോഴിക്കോട്

17. ഷാജി സി.ജെ, തിരുവല്ല

18. മാത്യു തോമസ്, കോതമംഗലം

19. സഹദേവൻ, തൃക്കാക്കര

20.ഷാജിമോൻ, കൊച്ചി നഗരസഭ

21. കുമാരവേലു കെ, രാമനാട്ടുകര

22. ഉമാകുമാരി, കോഴിക്കോട്

23. പി.രാജൻ, വടകര

24.അശോകൻ പുത്തൻ പുരയിൽ, കാസറഗോഡ്

25. അയ്യപ്പൻ പൂളക്കൽ, മലപ്പുറം

26. വിൻസെന്റ് സി.എ, കല്പറ്റ

27. അനിൽകുമാർ ജി, തിരുവനന്തപുരം കോർപ്പറേഷൻ

28. അനിൽകുമാർ ആർ, തിരുവനന്തപുരം കോർപ്പറേഷൻ

29. കെസി.എച്ച്.ആർ, തിരുവനന്തപുരം കോർപ്പറേഷൻ

30. സുശീല ഡി, അടൂർ

| | | | |
|---|---|---|---|
| | | | 31. അജിത്കുമാർ എസ്, തിരുവനന്തപുരം കോർപ്പറേഷൻ |
| (ബി) | ഏകീകൃത ശമ്പള വിതരണം നിലവിലില്ലാത്തത് മൂലം വകുപ്പ്/ഓഫീസ് മാറി നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് പഴയ ഓഫീസിൽ/കാലയളവിൽ ലഭിക്കാനുള്ള ശമ്പള കുടിശിക, ശമ്പള പരിഷ്കരണ കുടിശിക, പി.എഫ്. താൽക്കാലിക വായ്പ, എൻ.ആർ.എ, ടെർമിനൽ സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ ശമ്പള കുടിശിക, ശമ്പള പരിഷ്കരണ കുടിശിക എന്നിവ അനുവദിയ്ക്കുന്നതിൽ യാതൊരുവിധ സാങ്കേതിക തടസ്സവും നിലനിൽക്കുന്നില്ല.<br><br>മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ ടെർമിനൽ സറണ്ടർ മാറുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ 19.12.2024 ലെ യോഗ തീരുമാന പ്രകാരം മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധിച്ച് ഏകീകരണത്തിനുമുമ്പും ഏകീകരണത്തിനു ശേഷവും നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടതിനെതുടർന്ന് സമർപ്പിച്ചിട്ടുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>ഏകീകരണം മുഖേന മുനിസിപ്പാലിറ്റി കോർപ്പറേഷൻ ഒഴികെയുള്ള മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന മുനിസിപ്പൽ ജീവനക്കാർക്ക് താൽക്കാലിക വായ്പ, NRA, ക്ലോഷർ എന്നിവ അനുവദിച്ച തുക വിതരണം ചെയ്യുന്നതിന് ജില്ലാ ജോയിന്റ് ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. തുടർന്ന് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്ന മുനിസിപ്പൽ കോമൺ സർവീസിലെ ഉദ്യോഗസ്ഥർക്ക് താൽക്കാലിക വായ്പ, NRA, ക്ലോഷൻ എന്നിവ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച് സി.പി.എഫ് അക്കൗണ്ടിൽ നിന്നും നേരിട്ട് ടി ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. |
| (സി) | ഏകദേശം 800 കോടിയോളം രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് നഗരസഭകൾക്ക് നൽകാത്തതിനാൽ പെൻഷനും പെൻഷൻ പരിഷ്കരണമുൾപ്പെടെയുള്ള ആനുകൂല്യങ്ങളും സമയബന്ധിതമായി പഴയ മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കുന്നതിന് എന്ത് പരിഹാര നടപടിയാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 2024 ജൂൺ മാസം വരെ നഗരകാര്യ സ്ഥാപനങ്ങൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 537 കോടി രൂപയും തനതു ഫണ്ടിൽ നിന്നും 485 കോടി രൂപയും അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. 4/3/2016 ലെ GO(Ms)49/2016/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മുൻസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവായ ടി തുക തിരികെ നൽകുന്നതല്ല. എന്നാൽ |

| | | | |
|---|---|---|---|
| | | | തനത് ഫണ്ടിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ചെലവഴിച്ച തുക നഗരസഭ സ്ഥാപനങ്ങൾക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തിരികെ നൽകാനുണ്ട്. ഇപ്പോൾ 4680 റെഗുലർ പെൻഷനേഴ്സും 1890 ഫാമിലി പെൻഷനേഴ്സും ഉൾപ്പെടെ 6570 പേർ നഗരകാര്യ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നുണ്ട്. ഇവർക്ക് പെൻഷൻ നൽകുന്നതിന് പ്രതിമാസം പതിനാല് കോടി രൂപ ചെലവു വരും. എന്നാൽ രണ്ടു കോടി എൺപത്തി അഞ്ചു ലക്ഷം രൂപയിൽ താഴെ മാത്രമേ പ്രതിമാസം പെൻഷൻ വിഹിതമായി നഗരകാര്യ സ്ഥാപനങ്ങൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നുള്ളൂ. അപ്രകാരം പ്രതിവർഷം നൂറ്റി മുപ്പത്തിയഞ്ചു കോടി രൂപ പെൻഷൻ നൽകുന്നതിനു മാത്രം അധികമായി കണ്ടെത്തേണ്ട അവസ്ഥയാണ്. ഇതിനു പുറമെ ഓരോ വർഷവും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഭീമമായ തുക അധികമായി കണ്ടെത്തേണ്ടി വരും. തുക തിരികെ ലഭിക്കാനുള്ളതിനാൽ ഒട്ടു മിക്ക നഗരസഭകളും ഇപ്പോൾ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് പെൻഷൻ വിഹിതം ഒടുക്കുന്നില്ല. ഇത് പ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിന്റെ സാമ്പത്തിക പരിമിതി മനസ്സിലാക്കി ഏഴ് ഘട്ടങ്ങളിലായി സംസ്ഥാന സർക്കാർ 310 കോടി രൂപ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2022നു ശേഷം സർക്കാരിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല. സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് 485 കോടി രൂപ സർക്കാർ സഹായം ലഭ്യമായാൽ നിലവിലെ പ്രതിസന്ധി തരണം ചെയ്യാനാവും. എന്നാൽ പെൻഷൻകാരുടെ എണ്ണം ഇനിയും വർദ്ധിക്കുമെന്നുള്ളതിനാൽ സെൻട്രൽ പെൻഷൻ ഫണ്ട് ഉപയോഗിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകുക എന്നത് ശാശ്വത പരിഹാരമല്ല. |
| (ഡി) | സ്ഥാനക്കയറ്റത്തിലൂടെ ഗസറ്റഡ് ജീവനക്കാരനായി നിയമനത്തിനർഹതയുള്ള മുൻസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് PEN ഇല്ലാത്തത് മൂലം മറ്റ് വകുപ്പുകളിൽ നിലവിലുള്ളത് പോലെ സ്കോർ സംവിധാനം മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ സാധിക്കാത്തതിനാൽ അർഹമായ പ്രമോഷൻ അനിശ്ചിതമായി നീണ്ടു പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും;<br>ഇത്തരത്തിൽ സംഭവിക്കുന്നത് മൂലം താഴേക്കുള്ള എല്ലാ തസ്തികളിലെ പ്രമോഷനെ ബാധിക്കുന്നതിനാൽ ആയത് ഒഴിവാക്കുന്നതിനും | (ഡി) | തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് ഏകീകൃത SPARK ID അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. സ.ഉ (സാധാ) നം.608/2024/LSGD തീയതി 15/03/2024 പ്രകാരം മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ Clean City Manager, Revenue Officer Grade-I/ Personal Assistant to Secretary/Secretary to Council/Accounts Officer, Public Health Officer Gr.I, Public Health Officer Gr.II എന്നീ തസ്തികകളിലേയ്ക്ക് പ്രൊമോഷന് പൊതു ചട്ടങ്ങൾ പ്രകാരവും വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള മറ്റ് |

| | | | |
|---|---|---|---|
| | എന്ത് പരിഹാരമാർഗ്ഗമാണ് നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | നിബന്ധനകൾ പാലിച്ചുകൊണ്ടും പരമാവധി മൂന്ന് വർഷ കാലയളവിലേക്ക് (2023 മുതലുള്ള കലണ്ടർ വർഷം) ഡി.പി.സി നടപടിക്രമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രൊമോഷൻ നടത്തുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിനാൽ നിലവിൽ ടി തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിന് തടസ്സം നേരിടുന്നില്ല. |
| (ഇ) | മുനിസിപ്പൽ സർവീസിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ 19.12.2022 മുതൽ എത്ര ഒഴിവ് നിലവിൽ ഉണ്ട്; 19.12.2022-ലെ E6/DUA/5387/2022 നമ്പർ ഉത്തരവിന് ശേഷം നാളിതുവരെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷൻ നടക്കാത്തതെന്താണെന്ന് വ്യക്തമാക്കാമോ; തിരുവനന്തപുരം നഗരസഭയിൽ ഡെപ്യൂട്ടി സെക്രട്ടറിക്ക് പകരമുള്ള ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറിയുടെ തസ്തിക എത്രയെണ്ണം ഒഴിഞ്ഞ് കിടക്കുന്നുവെന്നും ആയത് നികത്തുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത തസ്തിക ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ State Service Special Rule പ്രകാരം മുൻ മുൻസിപ്പൽ കോമൺ സർവീസിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തിക ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി എന്ന് പുനർ നാമകരണം ചെയ്ത് State Service ൽ ഉൾപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ തസ്തികയ്ക്ക് തുല്യമാക്കിയിട്ടുണ്ട്. നിലവിൽ 6 ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികകളാണ് ഉള്ളത്. ആയതിൽ തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി ഒഴിവുകൾ നിലനിൽക്കുന്നു. |

സെക്ഷൻ ഓഫീസർ